ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 27.07.2025 പ്രധാന വാർത്തകൾ TIME : 07.25 AM

1. പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ 'മൻ കീ ബാത്' ഇന്ന്.

   **Prime Minister Narendra Modi to share his thoughts through the monthly radio programme 'Mann Ki Baat' today.**

2. തമിഴ്നാട്ടിലെ ഗംഗൈകൊണ്ട ചോളപുരം ക്ഷേത്രത്തിൽ ഇന്ന് നടക്കുന്ന രാജേന്ദ്ര ചോളൻ ഒന്നാമന്റെ ജന്മവാർഷിക ആഘോഷങ്ങളിൽ പ്രധാനമന്ത്രി പങ്കെടുക്കും.

   **The Prime Minister will participate in the birth anniversary celebrations of Rajendra Chola I at the Gangaikonda Cholapuram temple in Tamil Nadu today.**

3. ഒമാനുമായുള്ള ഇന്ത്യയുടെ സ്വതന്ത്ര വ്യാപാര കരാർ ഉടൻ യാഥാർത്ഥ്യമാകുമെന്ന് കേന്ദ്ര വാണിജ്യ മന്ത്രി പിയൂഷ് ഗോയൽ.

   **Union Commerce Minister Piyush Goyal today informed that India's Free Trade Agreement with Oman is nearing completion.**

4. തായ്‌ലൻഡ് കംബോഡിയ അതിർത്തിയിൽ സംഘർഷം തുടരുന്നു; മേഖലയിലെ ഇന്ത്യക്കാർക്ക് സഹായത്തിനായി അതത് എംബസികളുമായി ബന്ധപ്പെടാവുന്നതാണെന്ന് വിദേശകാര്യ മന്ത്രാലയം.

   **Tensions continue on the Thailand-Cambodia border; Indians in the region can contact their respective embassies for help, the Ministry of External Affairs said.**

5. കേരളത്തിൽ അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് ഒൻപതു ജില്ലകളിൽ മഞ്ഞ ജാഗ്രത.

   **The Central Meteorological Department has said that heavy rains will continue in Kerala. Yellow alert in nine districts today.**

6. **FIDE** വനിതാ ചെസ്സ് ലോകകപ്പ് ഫൈനലിൽ ഇന്ത്യയുടെ കൊനേരു ഹംപിയും ദിവ്യ ദേശ്മുഖും തമ്മിലുള്ള ആദ്യ മത്സരം സമനിലയിൽ.

   **The first match of the FIDE Women's Chess World Cup final between India's Koneru Hampi and Divya Deshmukh ended in a draw.**

&&&&&&&&&&&&&&&&&&

**HEADLINE-1**

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഇന്ന് രാവിലെ 11ന്. പരിപാടിയുടെ 124 -ാം പതിപ്പാണിത്. ആകാശവാണിയുടെയും

ദൂരദർശന്റെയും എല്ലാ ചാനലുകളിലൂടെയും വിവിധ യൂട്യൂബ് ചാനലുകളിലൂടെയും പരിപാടി തത്സമയം ശ്രവിക്കാവുന്നതാണ്. പരിപാടിയുടെ മലയാള പരിഭാഷ തുടർന്നു കേൾക്കാം.

*****************************

**HEADLINE-2**

## PM - RAJENDRA CHOLA

തമിഴ്നാട്ടിലെ ഗംഗൈകൊണ്ട ചോളപുരം ക്ഷേത്രത്തിൽ ഇന്ന് നടക്കുന്ന രാജേന്ദ്ര ചോളൻ ഒന്നാമന്റെ ജന്മവാർഷിക ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. ചോള ചക്രവർത്തിയായ രാജേന്ദ്ര ചോളൻ ഒന്നാമന്റെ സ്മരണാർത്ഥം പ്രധാനമന്ത്രി നാണയം പുറത്തിറക്കും. ചോള ചക്രവർത്തിയുടെ ജന്മനക്ഷത്ര ദിനത്തിൽ നടക്കുന്ന ആടി തിരുവാതിര ഉത്സവത്തിലും അദ്ദേഹം പങ്കെടുക്കും.

*****************************

## PM MALDIVES OUTCOME

മാൽദീവ്സിലേക്കുള്ള ഔദ്യോഗിക സന്ദർശനം ഫലപ്രദമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മാലിദ്വീപിന്റെ സ്വാതന്ത്ര്യത്തിന്റെ 60-ാം വാർഷികത്തിലെ വിശിഷ്ടാതിഥി ആയി പങ്കെടുത്ത ശ്രീ മോദി, ഈ ആഘോഷങ്ങളിൽ പങ്കെടുക്കുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയായി മാറി. ഉഭയകക്ഷി ബന്ധങ്ങളുടെ ഭാവി 'നിർവചിക്കുന്ന സന്ദർശനം' എന്ന് മാൽദീവ്സ് പ്രസിഡന്റ് ഡോ. മുഹമ്മദ് മുയിസുവും സന്ദർശനത്തെ വിശേഷിപ്പിച്ചു. മാലിദ്വീപിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ഇന്ത്യ ഒരു നിർണായക പങ്കാളിയായിരിക്കുമെന്നും പ്രസിഡന്റ് മുയിസു വ്യക്തമാക്കി. ഫിഷറീസ്, കാലാവസ്ഥാ നിരീക്ഷണം, ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങി വിവിധ മേഖലകളിലെ നിർണായക കരാറുകളിൽ ഇരുരാജ്യങ്ങളും ഒപ്പുവച്ചു.

*****************************

## PM - THOOTHUKUDI (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി തമിഴ്നാട്ടിലെ തൂത്തുക്കുടിയിൽ 4,800 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവ്വഹിച്ചു. വിമാനത്താവളങ്ങൾ, ഹൈവേകൾ, തുറമുഖങ്ങൾ, റെയിൽവേ, ഊർജ്ജം എന്നീ മേഖലകളുമായി ബന്ധപ്പെട്ട പദ്ധതികളാണ് പ്രധാനമന്ത്രി ഇന്നലെ രാഷ്ട്രത്തിന് സമർപ്പിച്ചത്.

**ഒരു റിപ്പോർട്ട്...............**

(വോയിസ്)

*പ്രാദേശിക സഹകരണം വർദ്ധിപ്പിക്കുക, ലോജിസ്റ്റിക് കാര്യക്ഷമത ഉയർത്തുക, ഊർജ്ജ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക തുടങ്ങിയവയിലൂടെ തമിഴ്നാട്ടിലെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുകയാണ് പദ്ധതികളുടെ ലക്ഷ്യം. രാജ്യത്തിന്റെ ഉയരുന്ന ആഗോള വിശ്വാസത്തേയും ആത്മവിശ്വാസത്തേയും പ്രതിഫലിപ്പിക്കുന്നതാണ് ഇന്ത്യയും യുണൈറ്റഡ് കിംഗ്ഡവും തമ്മിൽ ഒപ്പുവച്ച സ്വതന്ത്ര വ്യാപാര കരാറെന്ന് ചടങ്ങിൽ സംസാരിച്ച പ്രധാനമന്ത്രി പറഞ്ഞു. ഇത് വികസിത ഇന്ത്യയും വികസിത തമിഴ്നാടും സൃഷ്ടിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.*

***(ഹോൾഡ് പി.എം. വോയിസ്)***

*ഇന്ത്യയുടെ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും ലോകത്തിലെ മൂന്നാമത്തെ വലിയ സാമ്പത്തികശക്തിയായി മാറാനുള്ള രാജ്യത്തിന്റെ യാത്രയെ ത്വരിതപ്പെടുത്തുന്നതിനും ഈ സ്വതന്ത്ര വ്യാപാര കരാർ സഹായിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.*

***ന്യൂസ് ഡെസ്ക് ആകാശവാണി....***

**************************

## HEADLINE-3

# FTA INDIA -OMAN

ഒമാനുമായുള്ള ഇന്ത്യയുടെ സ്വതന്ത്ര വ്യാപാര കരാർ ഉടൻ യാഥാർത്ഥ്യമാകുമെന്ന് കേന്ദ്ര വാണിജ്യ മന്ത്രി പിയൂഷ് ഗോയൽ. യുഎസുമായും യൂറോപ്യൻ യൂണിയനുമായും ഉള്ള സ്വതന്ത്ര വ്യാപാര കരാറുകൾ സംബന്ധിച്ച ചർച്ചകൾ മികച്ച രീതിയിൽ പുരോഗമിക്കുന്നതായും മന്ത്രി അറിയിച്ചു. ന്യൂസിലാൻഡ്, ചിലി, പെറു രാജ്യങ്ങളുമായും ചർച്ചകൾ നടന്നു വരുന്നു. വികസിത രാജ്യങ്ങളുമായുള്ള വ്യാപാര കരാറുകൾ ആഗോളതലത്തിൽ ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന പ്രസക്തിയും പ്രാധാന്യവുമാണ് പ്രതിഫലിപ്പിക്കുന്നതെന്ന് ശ്രീ ഗോയൽ വ്യക്തമാക്കി.

**************************

# ATOMIC ENERGY SECTOR

ബഹിരാകാശ മേഖല, നിയന്ത്രണങ്ങളോടെ സ്വകാര്യമേഖലയ്ക്ക് തുറന്നു നൽകിയ മാതൃകയിൽ ആണവോർജ മേഖലയും തുറന്നു നൽകാൻ സർക്കാർ ആലോചിക്കുന്നതായി പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി പി കെ മിശ്ര. മുംബൈയിലെ ഭാഭ ആറ്റോമിക് റിസർച്ച് സെന്റർ ട്രെയിനിംഗ് സ്കൂളിലെ 68-ാമത് ബാച്ച് സയന്റിഫിക് ഓഫീസർമാരെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ മിശ്ര. സമയബന്ധിതമായ പൂർത്തീകരണം, ധനസഹായം, സ്വകാര്യ മേഖലയുടെ ശേഷി പ്രയോജനപ്പെടുത്തൽ എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ആണവോർജത്തെ ഇന്ത്യയുടെ പ്രധാന ഊർജ്ജ സ്രോതസ്സാക്കി മാറ്റുന്നതിനാവശ്യമായ ചെലവ് കുറഞ്ഞ നൂതനാശയങ്ങൾ മുന്നോട്ടു വയ്ക്കാൻ അദ്ദേഹം ഗവേഷകരെ ആഹ്വാനം ചെയ്തു.

*************************

## PM - RATING

ലോകത്തിലെ ഏറ്റവും ജനപ്രിയ ജനാധിപത്യ നേതാവായി പ്രധാനമന്ത്രി നരേന്ദ്ര മോദി. യുഎസ് ആസ്ഥാനമായുള്ള ഡാറ്റാ അനലിറ്റിക്സ് സ്ഥാപനമായ മോണിംഗ് കൺസൾട്ട് നടത്തിയ ആഗോള സർവേ പ്രകാരം, 75 ശതമാനം അംഗീകാരത്തോടെയാണ് ശ്രീ മോദി മുന്നിലെത്തിയത്. 2025 ജൂലൈ 4 നും 10 നും ഇടയിലെ പൊതുജനാഭിപ്രായമാണ് സർവേയിൽ പ്രതിഫലിക്കുന്നത്.

*************************

## EDUCATION MINISTRY

വിദ്യാർത്ഥികളുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കാൻ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിർദ്ദേശം നൽകി. ദേശീയ സുരക്ഷാ നിയമങ്ങൾ അനുസരിച്ച് കുട്ടികളുമായി ബന്ധപ്പെട്ട സൗകര്യങ്ങളുടെയും സ്കൂളുകളിലെയും നിർബന്ധിത സുരക്ഷാ ഓഡിറ്റുകൾ നടത്തണം. ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും അടിയന്തര സാഹചര്യങ്ങൾ നേരിടാനുള്ള പരിശീലനം, കൗൺസിലിംഗ് എന്നിവ നൽകണം.

*************************

## NJAANA SABHA

ശിക്ഷാ സംസ്കൃതി ഉത്ഥാൻ ന്യാസിന്റെ രണ്ടു ദിവസത്തെ ജ്ഞാനസഭ ഇന്ന് തുടങ്ങും. എറണാകുളം ഇടപ്പള്ളി അമൃത ആശുപത്രി അങ്കണത്തിൽ നടക്കുന്ന ജ്ഞാനസഭയിൽ രാജ്യത്തെ വിവിധ സർവകലാശാലകളുടെ വൈസ് ചാൻസലർമാർ, വിദ്യാഭ്യാസ മന്ത്രിമാർ, കേരളത്തിലെ പ്രമുഖ

വിദ്യാഭ്യാസ വിദഗ്ധർ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേധാവികൾ എന്നിവർ പങ്കെടുക്കും. 200 വൈസ് ചാൻസലർമാർ പങ്കെടുക്കും.

**************************

**HEADLINE-5**

## RAIN-KERALA ALERT

സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് ഒൻപതു ജില്ലകളിൽ മഞ്ഞ ജാഗ്രത. എറണാകുളം, ഇടുക്കി, തൃശൂർ, മലപ്പുറം, പാലക്കാട്, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലാണ് ജാഗ്രത. ശക്തമായ കാറ്റിനും സാധ്യത. കേരളതീരത്തു മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. മലയോരമേഖലകളിലും ജാഗ്രതാ നിർദേശം.

**************************

## RAIN-KANNUR (INTRO)

കണ്ണൂർ ജില്ലയിൽ കനത്ത മഴയിലും കാറ്റിലും വ്യാപകമായ നാശനഷ്ടമാണ് ഉണ്ടായത്. ഇന്നലെ രണ്ട് മരണവും ഉണ്ടായി. **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.......**

(വോയിസ്)

**************************

## RAIN-DISTRICTS

വയനാട് തലപ്പുഴ മക്കിമലയിൽ വനത്തിൽ മണ്ണിടിച്ചിലുണ്ടായതായി സംശയത്തെത്തുടർന്ന് പത്തോളം കുടുംബങ്ങളെ മാറ്റി പാർപ്പിച്ചു. തിരുനെല്ലി കാളിന്ദി പുഴ കരകവിഞ്ഞതിനാൽ പനങ്കുറ്റി ഉന്നതിയിലെയും മാനന്തവാടി

നഗരസഭ പരിധിയിലെ പഞ്ചാരക്കൊല്ലി ഭാഗങ്ങളിലെയും കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. ബാണാസുരസാഗർ അണക്കെട്ടിന്റെ വൃഷ്ടി പ്രദേശത്ത് മഴ തുടരുന്നതിനാൽ ഇന്ന് രാവിലെ എട്ടിന് സ്പിൽവെ ഷട്ടറുകൾ 75 സെന്റീമീറ്ററായി ഉയർത്തി 61 ക്യുമെക്സ് വെള്ളം ഒഴുക്കി വിടുമെന്ന് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു. ഇടുക്കിയിൽ ഇന്നലെ രാത്രിയിലും മഴ തുടർന്നു. കഴിഞ്ഞ 24 മണിക്കൂറിനിടെ രണ്ട് പേരുടെ മരണം ഉൾപ്പെടെ വ്യാപക നാശനഷ്ടങ്ങളാണുണ്ടായത്. ഉടുമ്പൻചോലയിൽ മരം വീണ് തോട്ടം തൊഴിലാളിയായ തമിഴ്നാട് തേവാരം സ്വദേശി ലീലാവതി മരിച്ചു. ഇന്നലെ രാത്രി മൂന്നാറിൽ ലോറിക്ക് മുകളിൽ മണ്ണിടിഞ്ഞ് വീണ് ഡ്രൈവർ അന്തോണിയാർ സ്വദേശി ഗണേശൻ മരിച്ചു. ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് പൊൻമുടി, കല്ലാർകുട്ടി, മലങ്കര, ലോവർപെരിയാർ എന്നീ ഡാമുകൾ തുറന്ന് വെള്ളം പുറത്തേക്ക് ഒഴുക്കുന്നത് തുടരുകയാണ്.

**************************

**HEADLINE-4**

## THAILAND -CAMBODIA WAR

തായ്‌ലൻഡും കംബോഡിയയും തമ്മിലുള്ള അതിർത്തി സംഘർഷവുമായി ബന്ധപ്പെട്ട സ്ഥിതിഗതികൾ ഇന്ത്യ സസൂക്ഷ്മം നിരീക്ഷിച്ചുവരികയാണെന്ന് വിദേശകാര്യ മന്ത്രാലയം. ഇന്ത്യയ്ക്ക് ഇരു രാജ്യങ്ങളുമായും അടുത്ത സൗഹൃദ ബന്ധമുണ്ടെന്നും ശത്രുത അവസാനിപ്പിക്കുന്നതിനും സംഘർഷം പടരുന്നത് തടയാനും ഇരു പക്ഷവും നടപടി സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. മേഖലയിലെ ഇന്ത്യക്കാർക്ക് സഹായത്തിനായി അതത് എംബസികളുമായി ബന്ധപ്പെടാവുന്നതാണെന്ന് മന്ത്രാലയം അറിയിച്ചു. ഇന്ത്യൻ പൗരന്മാർക്ക് പ്ലസ് 855 92 88 16 76 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**************************

## HEADLINE-6
## FIDE-DIYA-HUMPI

ജോർജിയയിലെ ബാറ്റുമിയിൽ നടക്കുന്ന ഫിഡെ ചെസ് വനിതാ ലോകകപ്പ് ഫൈനലിൽ ഇന്ത്യയുടെ കൊനേരു ഹംപിയും ദിവ്യ ദേശ്മുഖും തമ്മിലുള്ള ആദ്യ മത്സരം സമനിലയിൽ. ഇന്ന് നടക്കുന്ന രണ്ടാം ക്ലാസിക്കൽ മത്സരത്തിൽ ഇരുവരും ഏറ്റുമുട്ടും. ആദ്യ മത്സരത്തിൽ വെള്ള കരുക്കളുമായി കളിച്ച ദിവ്യ തുടക്കത്തിൽ മുൻതൂക്കം നേടിയെങ്കിലും അവസാനം വരെ പൊരുതിയ ഹംപി സമനില നേടുകയായിരുന്നു.

*

************

****************************************